**അടിയന്തര പ്രമേയം**

**വൈദ്യുതി നിരക്ക് വർദ്ധന**

മി. സ്പീക്കർ: വിതരണമേഖല പരിപൂർണ്ണമായും സ്വകാര്യ വൽക്കരിക്കുന്നതിന് കേന്ദ്ര വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്ന പശ്ചാത്തലത്തിലും സംസ്ഥാനത്ത് വൈദ്യുതി ചാർജ് കുത്തനെ വർദ്ധിപ്പിച്ചും അധിക സെക്യൂരിറ്റി നിക്ഷേപം ഏർപ്പെടുത്തിക്കൊണ്ടും വൈദ്യുതി ഉപഭോക്താക്കൾക്കുമേൽ 4,500 കോടി രൂപയോളം അധിക ഭാരം അടിച്ചേൽപിക്കുകയും കഴിഞ്ഞവർഷത്തെ ഏറ്റവും ഉയർന്ന ബിൽ തുകയ്ക്ക് തുല്യമായ തുക അധിക സെക്യൂരിറ്റി നിക്ഷേപമായി ഓരോ ഉപഭോക്താവിൽനിന്നും ഈടാക്കുന്നതുമൂലവും സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി. എസ്. സുനിൽ കുമാർ, മാത്യു. റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ നൽകിയ നോട്ടീസിൽ പറഞ്ഞ ചില കാര്യങ്ങൾ വാസ്തുതാപരമായി ശരിയാണ്. 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന് പുതിയ

ഭേദഗതി കൊണ്ടുവരികയാണ്. ആ ഭേദഗതിയനുസരിച്ച് വളരെയധികം പ്രതികൂലമായ സാഹചര്യം നമ്മുടെ കൺസ്യൂമേഴ്സിനും ഇലക്ട്രിസിറ്റി ബോർഡിനും ഉണ്ടാകാൻ പോവുകയാണ്. ഡിസ്ട്രിബ്യൂഷൻതന്നെ രണ്ട് മേഖലകളാക്കി മാറ്റണമെന്നാണ് അതിൽ പറയുന്നത്. അതിനുവേണ്ടി ഒരു ഇന്റർമീഡിയേറ്ററി കമ്പനി രൂപീകരിക്കണം. നമ്മൾ ഉല്പാദിപ്പിക്കുന്നതും എഗ്രിമെന്റ് വച്ചിട്ടുള്ളതുമായ മുഴുവൻ വൈദ്യുതിയും ഈ കമ്പനിക്ക് നൽകണം. ആ കമ്പനിക്ക് നൽകിക്കഴിഞ്ഞാൽ അവരാണ് സപ്ലൈ കമ്പനികൾക്ക് വിതരണം ചെയ്യേണ്ടത്. അതിൽനിന്നാണ് സപ്ലൈയ്ക്കുവേണ്ടി കെ.എസ്.ഇ.ബി. വീണ്ടും വൈദ്യുതി വാങ്ങേണ്ടത്. ഈ amendment കൊണ്ടുവരുന്നതോടുകൂടി സംസ്ഥാനത്ത് എത്ര സപ്ലൈ കമ്പനികൾ ഫോം ചെയ്താലും ആ കമ്പനികൾക്കെല്ലാം അതിന്റെ അർഹതയനുസരിച്ച് ഇലക്ട്രിസിറ്റി വിതരണം ചെയ്യാൻ ഈ കമ്പനി ബാദ്ധ്യസ്ഥമാണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും കെ.എസ്.ഇ.ബി. ഇല്ലാതാവുകയും എത്ര പ്രൈവറ്റ് കമ്പനികൾക്കും സപ്ലൈ കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരമുണ്ടാകുന്നതുമാണ്. അങ്ങനെ വന്നാൽ ഈ സപ്ലൈ കമ്പനികൾക്കാണ് നമ്മൾ വൈദ്യുതി വിതരണം ചെയ്യേണ്ടത്. അതനുസരിച്ച് സപ്ലൈ കമ്പനികൾക്ക് ചുരുങ്ങിയ വിലയ്ക്ക് വൈദ്യുതി നൽകാനുള്ള സ്ഥിതി വരും.

ഇപ്പോഴത്തെ സ്ഥിതി വച്ച് നോക്കുകയാണെങ്കിൽ നമുക്ക് ഏകദേശം 5 രൂപ 78 പൈസയോളം വൈദ്യുതി ഉല്പാദനത്തിന് ചെലവാകുന്നുണ്ട്. ആവറേജ് ലഭിക്കുന്നത് 5 രൂപ 20 പൈസയാണ്. ശമ്പളം, മെയിന്റനൻസ് എന്നിവയ്ക്കെല്ലാമുള്ള ചെലവുംകൂടി കൂട്ടിയാണ് യഥാർത്ഥത്തിലുള്ള പവറിന്റെ കോസ്റ്റ് പറയുന്നത്. ഈ ചെലവ് കൂട്ടാതിരിക്കുമ്പോൾ 4 രൂപ 20 പൈസയാണ് ലഭിക്കുന്നത്. ഈ 4 രൂപ 20 പൈസയ്ക്ക് സപ്ലൈ കമ്പനികൾക്ക് കൊടുക്കണം. അങ്ങനെ കൊടുത്താൽ അവർ ഇവിടത്തെ വലിയ കുത്തകക്കാരായിട്ടുള്ള അല്ലെങ്കിൽ HT/EHT കൺസ്യൂമേഴ്സിന് നൽകാം. അവർ നൽകുന്നത് ചിലപ്പോൾ 5 രൂപയ്ക്കായിരിക്കും. നമുക്ക് 5 രൂപ 78 പൈസ വില വരുന്നത് സപ്ലൈ കമ്പനികൾക്ക് 4 രൂപ 20 പൈസയ്ക്ക് നൽകുകയും അവർക്ക് കൊള്ള ലാഭമടിക്കാനുള്ള അവസരമുണ്ടാകുകയും കെ.എസ്.ഇ.ബി. തകരുകയും ചെയ്യും. അതാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചതിന് ഞാൻ പ്രധാനമായും അംഗീകരിക്കുന്ന കാര്യം. അതിനെതിരായി ചെയ്യാവുന്ന കാര്യങ്ങളൊക്കെ ഞങ്ങൾ ചെയ്തിട്ടുണ്ട്. അതിപ്പോൾ അവിടത്തെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പിലാണ്. കേന്ദ്ര വൈദ്യുതി നിയമത്തിൽ കൊണ്ടുവരുന്ന ഭേദഗതി അംഗീകരിക്കാൻ പാടില്ലെന്നും അതിലെ ഇന്നയിന്ന വ്യവസ്ഥകളെല്ലാം മാറ്റണമെന്നുമുള്ള വിശദമായ നോട്ട് ആ കമ്മിറ്റിക്ക് ഞങ്ങൾ

സമർപ്പിച്ചിട്ടുണ്ട്. പിന്നെ ഇവിടെ പറഞ്ഞത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നു എന്നുള്ളതാണ്. ഞാൻ ഒരു കാര്യം പറയാം, ഇന്ന് ഒരു യൂണിറ്റിന് 5.78 പൈസയാണ് ചെലവ്. എന്നാൽ ഉയർന്ന ആളുകളിൽ നിന്ന് ഈടാക്കുന്നത് 5.28 പൈസയാണ്. അതേ അവസരത്തിൽ പാവപ്പെട്ടവനെ കൂടുതൽ ദ്രോഹിക്കുന്നു എന്നുള്ള ഒരു വാദം വന്നിട്ടുണ്ട്. ഞങ്ങൾ മൂന്നപ്രാവശ്യം വർദ്ധിപ്പിച്ചത് ശരിയാണ്; മൂന്നപ്രാവശ്യം വർദ്ധിപ്പിച്ചപ്പോൾ 5,000 കോടി രൂപയൊന്നും ഉണ്ടായിട്ടില്ല; ആകെയുണ്ടായത് മൂവായിരത്തി ചില്വാനം അതായത് 2,998 കോടി കോടി രൂപയാണ്. അതിൽ ഏകദേശം 1,200 കോടി രൂപ സർക്കാർ സബ്സിഡി കൊടുക്കുകയാണ്. ആ സബ്സിഡി കൊടുക്കുന്നത് 120 യൂണിറ്റിന് താഴെയുള്ളവർക്കാണ്. 120 യൂണിറ്റിന്റെ താഴെയുള്ളവർ എന്നുപറഞ്ഞാൽ, കൺസ്യൂമേഴ്സിൽ ഏകദേശം 80 ശതമാനത്തോളം ആളുകളുണ്ട്; അവർക്കാണ് ആ കൺസഷൻ നല്കുന്നത്. ബഹുമാനപ്പെട്ട എ. കെ. ബാലന് നല്ലതുപോലെ അറിയാം. സെക്യൂരിറ്റി എന്നു പറയുന്നത് പുതുതായി ഉണ്ടായതല്ല; അത് എത്രയോ കാലങ്ങളായി ഉള്ളതാണ്. 2003-ലെ ആക്ടിന് മുമ്പുതന്നെ ഒരു കണക്ഷന് സെക്യൂരിറ്റി വയ്ക്കണം എന്നുള്ളത് സപ്ലൈകോഡിലും ഉണ്ട്. അവരുടെ ഉപയോഗത്തിന് അനുസരിച്ചാണ് അതിൽ വർദ്ധനവ് വരുന്നത്. എത്ര കൂടുതൽ

ഉപയോഗിക്കുന്നുവോ അത്രയും സെക്യൂരിറ്റി കൂട്ടും. എന്നാൽ 1,500 കോടി രൂപയോളം വരും എന്നുപറയുന്നത് ഒട്ടും ശരിയല്ല; വന്നാലും ഏകദേശം 400-നും 500-നും ഇടയിൽ മാത്രമേ വരികയുള്ളൂ; അത് വരുന്നത് പ്രധാനമായും ഉയർന്ന കൺസ്യൂമേഴ്സിനാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 2014-ലെ വൈദ്യുതി നിയമ ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കുന്നതോടെ കേരളത്തിലെ വൈദ്യുതി വിതരണം സ്വകാര്യ ഏജൻസികളുടെ കയ്യിലാകും; പ്രത്യേകിച്ച് റിലയൻസിന്റെ കൈയ്യിലാകാനാണ് സാധ്യത. വിലനിയന്ത്രണം ഗവൺമെന്റിന് നഷ്ടമാകുന്നതോടെ വൈദ്യുതിനിരക്ക് ഇനിയും കൂട്ടും. യഥാർത്ഥത്തിൽ ഈ നിയമം വരുന്നതിനുമുമ്പുതന്നെ വിതരണമേഖല സ്വകാര്യ ഏജൻസിയെ ഏല്പിക്കാൻ യു.ഡി.എഫ്. നീക്കം നടത്തിയിരുന്നു. കേന്ദ്രത്തിന് കത്ത് അയച്ചിട്ടുള്ളതുമാണ്. അതുമായി ബന്ധപ്പെട്ട് ഒരു അടിയന്തരപ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചു. അന്ന് രാത്രി ചേർന്ന ക്യാബിനറ്റിലാണ് ആ നീക്കത്തിൽനിന്ന് പിന്നീട് മാറിയത്. കേന്ദ്രനിയമത്തിന്റെ തണലിൽ വലിയൊരു ബാധ്യത വീണ്ടും കെ.എസ്.ഇ.ബി. ഉപഭോക്താക്കളുടെ തലയിൽ അടിച്ചേല്പിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. യു.ഡി.എഫ്. സർക്കാർ

ഏർപ്പെടുത്തിയ കുത്തനെയുള്ള വൈദ്യുതി നിരക്ക് കാരണം സാധാരണ ഉപഭോക്താക്കളും കൃഷിക്കാരും കുടിവെള്ളപദ്ധതിയുടെ ഗുണഭോക്താക്കളും ഇന്ന് നട്ടം തിരിയുകയാണ്. ഭീമമായ സാമ്പത്തിക ബാധ്യത കാരണം വൈദ്യുതി ബിൽ അടയ്ക്കാൻ കഴിയാത്തതുകാരണം നൂറുകണക്കിന് വൈദ്യുതി കണക്ഷനുകൾ വിച്ഛേദിച്ചു കൊണ്ടിരിക്കുകയാണ്. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കും എന്ന ഭീഷണിയും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ 5 വർഷം tariff വർദ്ധിപ്പിക്കാതെ വൈദ്യുതിമേഖല കാര്യക്ഷമമായി പ്രവർത്തിപ്പിച്ചു. എന്നാൽ യു.ഡി.എഫ്. സർക്കാർ മൂന്നുതവണയായി, 4,500 കോടി രൂപയെന്നാണ് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി അത് 3,000 കോടി രൂപ എന്നാക്കി ചുരുക്കിയിട്ടുണ്ട്. ഇതിനുപുറമെ, 2015-16 സാമ്പത്തികവർഷം 1,500 കോടി രൂപയുടെ കമ്മിയുള്ള എ.ആർ.ആർ. ഇ.ആർ.സി. അപേക്ഷയാണ് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷന് കൊടുത്തിട്ടുള്ളത്. അത് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുമ്പിൽ കിടക്കുകയാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ബോർഡിന്റെ പെറ്റീഷൻ പരിഗണിക്കേണ്ടതില്ലായെന്ന നിർദ്ദേശമാണ് കമ്മീഷന് കിട്ടിയത് എന്നാണ് എനിക്ക് തോന്നുന്നത്. ഇതിന്റെ ഭാഗമായി 2015 ഏപ്രിൽ മാസത്തിലാണ് ഈ

പെറ്റീഷൻ നല്കിയത്. കഴിഞ്ഞ 2014 നവംബർ മാസത്തിലാണ് നിയമപ്രകാരം കൊടുക്കേണ്ടിയിരുന്നത്. തദ്ദേശസ്വയംഭരണ ഇലക്ഷനശേഷം വീണ്ടും വലിയൊരു ഭാരം ഉപഭോക്താക്കൾ സഹിക്കേണ്ടിവരും എന്നത് ഉറപ്പായ കാര്യമാണ്. ഇന്നത്തെ എല്ലാ പത്രങ്ങളിലും tariff വർദ്ധനവ് വരുന്നതിനുമുൻപുതന്നെ വീണ്ടും സർചാർജ് ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിരിക്കുന്നു എന്നുള്ള വാർത്ത ഉണ്ടായിരുന്നു. 2011-ൽ എൽ.ഡി.എഫ്. ഭരണം ഒഴിയുമ്പോൾ ആദ്യത്തെ 40 യൂണിറ്റിന് 1.15 പൈസയായിരുന്നു. ഇപ്പോൾ അത് രണ്ടരമടങ്ങ് വർദ്ധിച്ച് 2.80 പൈസയായി. 2011-ൽ വീട്ടാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കാനുള്ളവരുടെ ശരാശരി നിരക്ക് 1.98 പൈസ ആയിരുന്നത് ഇപ്പോൾ 3.75 പൈസയായി വർദ്ധിച്ചു. കാർഷിക വൈദ്യുതി നിരക്ക് യൂണിറ്റിന് എൽ.ഡി.എഫ്. ഭരിക്കുമ്പോൾ 65 പൈസയായിരുന്നു അതിപ്പോൾ 2 രൂപ മുതൽ 5.20 പൈസവരെയായി. മൂന്നിരട്ടി മുതൽ എട്ട് ഇരട്ടി വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട കുടിവെള്ളപദ്ധതിയിൽ വൻപ്രതിസന്ധി നേരിടുകയാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ജലനിധി, ജലധാര തുടങ്ങിയ ഉപഭോക്തൃവിഹിതമുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും 3.25 പൈസ ഉണ്ടായിരുന്നത് ഇവിടെ വന്ന ഒരു സബ്മിഷന്റെ ഭാഗമായി അത് 1.25

പൈസയാക്കി. ഇപ്പോൾ അത് 2.80 പൈസ മുതൽ 6.30 പൈസ വരെയാക്കി വർദ്ധിപ്പിച്ചു; വൈദ്യുതി ബിൽ അഞ്ചിരട്ടിയായി. വെള്ളവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ ഉപഭോക്താക്കളുടെയും ബെനിഫിഷ്യറി കമ്മിറ്റികളും ഇപ്പോൾ defunct ആയിരിക്കുകയാണ്. ഭീമമായ ഈ ചൂഷണത്തോടൊപ്പംതന്നെ ഇരുട്ടടിയായി വൻതുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുകയാണ്. ഉയർന്ന നിരക്കിൽ മൂന്നുമാസത്തെ ഉപഭോഗത്തിന് തുല്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാനുള്ള നോട്ടീസ് കുടിവെള്ള പദ്ധതികളെയാകെ തകർക്കുകയാണ്. ഗാർഹിക ഉപഭോക്താക്കളിൽ പ്രത്യേകിച്ച് എസ്.സി./എസ്.റ്റി. കുടുംബങ്ങളിൽ ഡിസ്കണക്ഷൻ നടന്നുകൊണ്ടിരിക്കുന്നു. പട്ടികജാതി കോളനികളിലും ആദിവാസി ഊരുകളിലും പകുതി ആൾക്കാരും ഇപ്പോൾ വൈദ്യുതി ഉപയോഗിക്കുന്നില്ല. കുടിശ്ശിക അടയ്ക്കാൻ മുൻപ് 6 മാസം സമയമുണ്ടായിരുന്നത് ഇപ്പോൾ 45 ദിവസമാക്കി ചുരുക്കി. ഇപ്പോൾ പതിനായിരക്കണക്കിന് രൂപ സെക്യൂരിറ്റിയായി പ്രതിമാസ വൈദ്യുതി തുകയായി അടയ്ക്കാൻ കഴിയാത്തതിനാൽ വൈദ്യുതി വിച്ഛേദിക്കൽ നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള എഗ്രിമെന്റിന് 100/- രൂപയുടെ മുദ്രപ്പത്രം വേണ്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 500/- രൂപയുടേതാക്കി. Property crossing agreement,

Consent letter agreement, Stranger agreement തുടങ്ങിയ ആവശ്യവുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ 2,000/- രൂപ കൊടുക്കണം. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ഇത് സൗജന്യമായിരുന്നു. ഒരു പോസ്റ്റിന് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 10 പൈസ ഞങ്ങൾ വാങ്ങിയിരുന്നില്ല. ഇപ്പോൾ three phase ലൈനിന് 18,000/- രൂപയാണ് വാങ്ങുന്നത്. ഈ കൊള്ള നടക്കുന്നതിന് പറയുന്ന കാര്യം അധിക തുക കൊടുത്ത് വൈദ്യുതി പുറത്തുനിന്ന് വാങ്ങേണ്ടി വന്നു എന്നാണ്. ദീർഘവീക്ഷണത്തോടെ എൽ.ഡി.എഫ്. തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കാത്തതും ഒപ്പിട്ട കരാർ റദ്ദാക്കിയതും ദീർഘകാല കരാറുകൾക്ക് പകരം പവർ എക്സ്ചേഞ്ചിൽനിന്ന് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയതുമാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. ഇത് റെഗുലേറ്ററി കമ്മീഷൻതന്നെ എടുത്തുപറഞ്ഞു; ഞാൻ പറയുന്നതല്ല. റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിൽ, വൈദ്യുതിക്ഷമാം ഫലപ്രദമായി നേരിടാൻ കെ.എസ്.ഇ.ബി. പരാജയപ്പെട്ടതുമൂലം വിലകൂടിയ വൈദ്യുതി ഐ.പി.പി.കളിൽനിന്നും ഹ്രസ്വകാല വിപണിയിൽനിന്നും വാങ്ങേണ്ടിവന്നു എന്നുള്ളതാണ്. ആസൂത്രണത്തിലെ അപാകതമൂലം പദ്ധതിനടത്തിപ്പ് കാലതാമസത്തിലേയ്ക്ക് നയിക്കപ്പെട്ടു. കൂടാതെ, വൈദ്യുതി സ്റ്റോക്ക് ചെയ്യാനുള്ള വിവേകരഹിതമായ തീരുമാനം അധിക ചെലവിലേയ്ക്ക് നയിച്ചു.

പ്രസരണവിതരണ നഷ്ടം കുറയ്ക്കുന്നതിനും പുനരുപയോഗയോഗ്യമായ വൈദ്യുതി വാങ്ങുന്നതിനും നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ കെ.എസ്.ഇ.ബി.ക്ക് കഴിഞ്ഞിട്ടില്ല. ഇത് റെഗുലേറ്ററി കമ്മീഷന്റെ ഇവരുടെ കാലഘട്ടത്തിലുള്ള പിക്ചേഴ്സ് ആണ്. ഇക്കാര്യം കടുത്ത ഭാഷയിൽ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാത്രമല്ല, ഇൻഡ്യയിൽ ഏറ്റവും ഉയർന്ന നിരക്കിൽ കമ്പോളത്തിൽനിന്ന് വൈദ്യുതി വാങ്ങിയത് കേരളമാണ് എന്ന് കേന്ദ്ര റെഗുലേറ്ററി കമ്മീഷന്റെ റിപ്പോർട്ടിലും പറയുന്നുണ്ട്. ഞാൻ ഇവിടെ എല്ലാം വിസ്തരിച്ച് സൂചിപ്പിക്കുന്നില്ല. കേരളത്തിന് പുറത്തുള്ള സ്വകാര്യ വൈദ്യുതി ഉല്പാദക കമ്പനികൾക്കും സ്വകാര്യ ട്രേഡിംഗ് കമ്പനികൾക്കും കൊള്ളലാഭം ഉണ്ടാക്കാൻ ഈ അവസരം അവർ ഉപയോഗപ്പെടുത്തി എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിന്റെ ഭാരമാകെ സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും വ്യാപാര-വ്യവസായ സമൂഹത്തെയും സാരമായി ബാധിച്ചു. പാലക്കാട് ജില്ലയിൽ മാത്രം താങ്ങാൻ പറ്റാത്ത വൈദ്യുതി നിരക്ക് കാരണം ഇതിനകം 11 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. കേരളത്തിന്റെ മറ്റു പല സ്ഥലങ്ങളിലും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. കേരളത്തിൽ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാത്തതാണ് ഈ സ്ഥിതിക്ക് ഒരു കാരണം എന്നതിൽ സംശയമില്ല. 500

മെഗാവാട്ടിന്റെ കുറവേയുള്ളൂ; അത് നമ്മൾ വിചാരിച്ചാൽ പരിഹരിക്കാൻ പറ്റുന്നതാണ്. ഇക്കാര്യം ചൂണ്ടിക്കാണിക്കുമ്പോൾ സഭയെ തെറ്റിദ്ധരിപ്പിക്കരുത് എന്ന് ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച 33 പദ്ധതികളിൽ 330 മെഗാവാട്ടിന്റെ പദ്ധതികൾ ഇപ്പോൾ സ്തംഭിച്ച് കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, കാറ്റിൽനിന്നുള്ള വൈദ്യുതി എന്ന് പറയും സൗരോർജ്ജ വൈദ്യുതി എന്ന് പറയും ഇതുവരെ ഒരു യൂണിറ്റുപോലും ഉണ്ടാക്കാൻ കഴിഞ്ഞില്ല. കേന്ദ്രസർക്കാരിൽനിന്ന് ഞങ്ങൾ നേടിയെടുത്ത വൈതരണി പദ്ധതിയും ഈ ഘട്ടത്തിൽ കേന്ദ്രസർക്കാർ റദ്ദ് ചെയ്തു. എല്ലാ നടപടിക്രമങ്ങളും ഏറെക്കുറെ പൂർത്തീകരിച്ചതായിരുന്നു. ഞങ്ങൾ ഭരിക്കുന്ന കാലത്ത് ഫോർ വൺ നോട്ടിഫിക്കേഷൻ കിട്ടിയിട്ടില്ലായിരുന്നു; അത് തരേണ്ടത് ഒറീസ ഗവൺമെന്റ് ആയിരുന്നു. അതിനുള്ള ശ്രമം ആരംഭിച്ച ഘട്ടത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് ഭരണത്തിൽ വന്നത്. പിന്നീട് ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ ഭാഗമായിട്ടാണ് അതും ഇല്ലാതായത്. ഞങ്ങൾ ഭരിക്കുമ്പോൾ കേന്ദ്രവിഹിതം പകുതിയായി വെട്ടിച്ചുരുക്കിയിരുന്നു. അന്ന് പന്നിയാർകുളം-ചെങ്കുളം പള്ളിവാസൽ പെൻസ്റ്റോക്ക് പൊട്ടിത്തെറിച്ചു; ഒന്നരവർഷം അവിടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ

കഴിഞ്ഞില്ല. ശബരി പദ്ധതിയുടെ ടാർപൈൻ പൊട്ടിത്തെറിച്ചു; അവിടെയും ഉല്പാദനം കുറച്ചു. ഇടുക്കി പദ്ധതിയിലും കുറെ ദിവസം ചോർച്ചയുണ്ടായി. ഇതിനെല്ലാം പുറമെ അതിരൂക്ഷമായ വരൾച്ചയുമുണ്ടായി. എന്നിട്ടും കേരളത്തിലെ വൈദ്യുതിമേഖലയെ ഫലപ്രദമായി കൊണ്ടുപോകുന്നതിന് അതിശക്തമായ പ്ലാനിംഗ് ആണ് അന്ന് ശ്രീ. അശോകന്റെയും ശ്രീ. രാജീവ് സദാനന്ദന്റെയും നേതൃത്വത്തിൽ ഇലക്ട്രിസിറ്റി ബോർഡ് നേതൃത്വം കൊടുത്ത്. പവ്വർകട്ടില്ലാതെ കുറച്ചുദിവസംമാത്രം പരിമിതമായിട്ടുള്ള നിയന്ത്രണമാണ് ഈ സാഹചര്യത്തിൽ അന്ന് വരുത്തിയത്. അന്ന് ഞങ്ങൾ ഒരു പൈസപോലും താരിഫിൽ വർദ്ധിപ്പിച്ചിരുന്നില്ല. ആ വൈദ്യുതി മേഖലയാണ് ഇപ്പോൾ ഈ സ്ഥിതിയിലെത്തിയിട്ടുള്ളതെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നത് ആരെയും കുറ്റപ്പെടുത്താനല്ല. ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ കടം 7,000 കോടി രൂപയിലേയ്ക്കെത്തി നിൽക്കുകയാണ്. എൽ.ഡി.എഫ്. ഭരണം വിടുമ്പോൾ 1,500 കോടി രൂപയായിരുന്നു കടം. ഞങ്ങൾ വരുമ്പോൾ 4,500 കോടി രൂപയായിരുന്നു. 3,000 കോടി രൂപ ഞങ്ങൾ കുറച്ചു. അതിനുപുറമേ 3,500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഞങ്ങൾ നടത്തി. കൂടാതെ 55 മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചു. ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ മണ്ഡലവും അതിൽ ഉൾപ്പെടുന്നു. ഞങ്ങൾ അന്ന് രണ്ട്

ശമ്പള പരിഷ്കരണം നടപ്പിലാക്കി. യു.ഡി.എഫ്. സർക്കാർ ശമ്പളപരിഷ്കരണമൊന്നും അന്ന് നടപ്പിലാക്കിയില്ല. ഞങ്ങളുടെ ഭരണകാലത്ത് 26300 പേർക്ക് പ്രൊമോഷൻ കൊടുക്കുകയും 15500 പുതിയ നിയമനങ്ങൾ നടത്തുകയും 3,500 കോടിരൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എന്നിട്ടും ഒരു സാമ്പത്തിക ബാധ്യതയും ജനങ്ങളുടെ മുകളിൽ അടിച്ചേൽപ്പിക്കാത്ത കെ.എസ്.ഇ.ബി. ഈ സ്ഥിതിയിൽ എങ്ങനെയെത്തിയെന്നുള്ളത് ഗൗരവമായി പരിശോധിക്കണം. ഈ പതനത്തിലേയ്ക്ക് വൈദ്യുതി ബോർഡിനെ തള്ളിവിട്ടത് ചർച്ചചെയ്യണം. സാമ്പത്തിക ഗുണം കിട്ടിയത് സ്വകാര്യ ട്രേഡിംഗ് കമ്പനികൾക്കും ബാധ്യതയേൽക്കേണ്ടിവന്നത് കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്കുമാണ്. സാധാരണക്കാരന് വൈദ്യുതി ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്നത്. നിരവധി വൈദ്യുതി ബില്ലുകൾ എന്റെ കൈയ്യിലുണ്ട്. അതിൽ ഒരു വൈദ്യുതി ബില്ലിനെക്കുറിച്ച് ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ വട്ടിയൂർക്കാവ് സെക്ഷനിലുള്ള വൈദ്യുതി ബില്ലാണ്. 1,000-1,500 രൂപ മാത്രം രണ്ടു മാസത്തേയ്ക്ക് കൊടുക്കുന്ന ആൾക്ക് ഇപ്പോൾ 4,000-4,500 രൂപയുടെ ബില്ല് വന്നു. മറ്റൊരു ബില്ലിന്റെ കണക്കുകൂടി പറയാം. അതായത് എനർജി ചാർജ്ജ് -7,728 രൂപ, ഡ്യൂട്ടി-773 രൂപ, ആകെ

-8,661 രൂപയാണ്. 8,661 രൂപയ്ക്ക് പകരം ഇപ്പോൾ 19,567- രൂപയുടെ ബില്ല് കൊടുത്തു. ഈ 8,661 രൂപയ്ക്ക് പുറമേ 11,906 രൂപ കൊടുത്തതിന്റെ ഡീറ്റെയിൽസ് ബില്ലിൽ ഇല്ല. വേണമെങ്കിൽ ഇത് ഞാൻ മേശപ്പുറത്തു വയ്ക്കാം. ഇതേ രൂപത്തിലാണ് എല്ലാ ബില്ലുകളും. ഡ്യൂട്ടി കൊടുക്കണം, ഫിക്സഡ് ചാർജ്ജ് കൊടുക്കണം, എനർജി ചാർജ്ജ് കൊടുക്കണം. അതിനെല്ലാം കോളങ്ങളുണ്ട്. ആ കോളങ്ങളിലൊന്നും കൊടുക്കാതെ 11,906 രൂപ എങ്ങനെ വന്നു? കേരളത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അവടെയും ഇവിടെയുമുണ്ട്. നാല് വർഷംമുമ്പുള്ള അവരുടെ വീടുകളിലെ വൈദ്യുതി ചാർജ്ജ് എത്രയായിരുന്നു; ബഹുമാനപ്പെട്ട സ്പീക്കറുടെ വീട്ടിലെ ചാർജ്ജ് എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്? ഇത് കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. കാലാനുസൃതമായി വർദ്ധനവ് ഉണ്ടാകും. പക്ഷേ ഇവിടെ നടക്കുന്നത് കൊള്ളയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ കൂടുതൽ സമയമെടുക്കരുത്.

ശ്രീ. എ. കെ. ബാലൻ: സർ, ഇന്നലെ ഇടപെട്ട് എന്റെ പ്രസംഗം ആകെ അലങ്കോലപ്പെടുത്തി. ഞാൻ അപ്പോൾത്തന്നെ പ്രസംഗം നിർത്തി.

മി. സ്പീക്കർ: അതുകൊണ്ടാണ് ഞാൻ ഇതുവരെ ഇടപെടാതിരുന്നത്. സമയം കൂടുതലെടുക്കരുത്. ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം അറിയാമല്ലോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അധിക സമയമെടുക്കില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആരംഭത്തിൽ പറഞ്ഞത് ശരിയാണ്. വിതരണ മേഖല റിലയൻസിന്റെ കയ്യിലേയ്ക്ക് പോയാൽ അവരായിരിക്കും താരിഫ് നിശ്ചയിക്കുക. അവർ ചെയ്തത്, ശ്രീമതി ഷീലാ ദീക്ഷിത് ഡൽഹി ഭരിക്കുമ്പോൾ 1,500 കോടി രൂപയുടെ അധിക ബാധ്യത ജനങ്ങളിൽ അടിച്ചേൽപ്പിച്ച് കൊള്ള നടത്തി. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം കൊണ്ടുവന്നപ്പോൾ എസ്.ബി.ടി-യുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിദ്യാഭ്യാസ ലോൺ പിടിക്കാൻ ഗുണ്ടകളെയാണ് വച്ചത്. റിലയൻസിന്റെ കൈകളിലേയ്ക്ക് കേരളത്തിന്റെ വൈദ്യുതി മേഖല പോയാൽ എന്തായിരിക്കും സ്ഥിതി? ബി.എസ്.എൻ.എൽ. കേബിൾ വലിക്കുന്നതിനുവേണ്ടി അപേക്ഷ കൊടുത്തിരുന്നെങ്കിലും അവർക്ക് കൊടുക്കാതെ റിലയൻസിന് കൊടുത്തു. റിലയൻസിന് കൊടുത്ത കേബിൾ ഇപ്പോൾ റദ്ദുചെയ്യണമെന്ന് ഞാൻ പറയുന്നു. റിലയൻസിനെ ക്ഷണിച്ചുവരുത്തുന്നതിന്റെ ആദ്യപടിയാണിത്. ഇത് വളരെ പ്രാധാന്യമുള്ളതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. കേരളത്തിലെ വൈദ്യുതി മേഖല, ഉൽപ്പാദന മേഖല, വിതരണ മേഖല, ട്രാൻസ്മിഷൻ മേഖല എന്നിവ ഒരു ഏക പൊതുമേഖലാ കമ്പനിയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമന്യേ ശ്രമിച്ചതിന്റെ ഭാഗമായിട്ടാണ് ഇന്ന് ഇന്ത്യയ്ക്ക് മാതൃകയായി കേരള സ്റ്റേറ്റ്

ഇലക്ട്രിസിറ്റി ബോർഡ് ഒറ്റ കമ്പനിയായി നിന്നത്. അതിപ്പോൾ dismantle ചെയ്യാൻ പോവുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നിയമം കൊണ്ടുവന്നാൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഞങ്ങളിത് അംഗീകരിക്കില്ലെന്ന് പറയാനുള്ള ആർജ്ജവം കാട്ടണം. ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ഒന്ന്, യു.ഡി.എഫ്.-ന്റെ കാലത്ത് സ്വകാര്യവത്ക്കരണത്തിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നുവെന്ന്. അന്ന് ഈ നിയമസഭയിൽ മന്ത്രിയായിരുന്ന് ഞാൻ പറഞ്ഞതാണ്. അന്നും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് കമ്പനിയാക്കി രജിസ്റ്റർ ചെയ്തില്ലെന്ന് ഈ നിയമസഭയിൽ ഞങ്ങൾ പറഞ്ഞതാണ്. ആരാണ് ഇത് രജിസ്റ്റർ ചെയ്തത്; ഞങ്ങളാണോ? കെ.എസ്.ഇ.ബി-യെ കെ.എസ്.ഇ.ബി-യായി നിലനിർത്തിയത് ഞങ്ങളാണ്. എന്നാൽ അങ്ങ് മന്ത്രിയായിരിക്കുമ്പോഴാണ് 2008-ൽ ഇതിനെ കമ്പനിയാക്കി രജിസ്റ്റർ ചെയ്തത്. ......(ബഹളം)..... ശ്രീ. എ. കെ. ബാലന് നല്ല ഓർമ്മയുണ്ടല്ലോ? ഇതിന്റെ അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ

വെസ്റ്റ് ചെയ്തത് നിങ്ങളുടെ ഭരണകാലത്താണ്. ഇലക്ട്രിസിറ്റി ബോർഡ് ഇല്ലാതായത് അങ്ങ് മന്ത്രിയായിരുന്ന കാലത്താണ്. അത് നിങ്ങൾ മനസ്സിലാക്കണം. ........(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.....ഇവിടെ ബഹുമാന്യരായ മന്ത്രിയും മുൻ മന്ത്രിയുമാണ് സംസാരിക്കുന്നത്. അവർ കാര്യങ്ങൾ നന്നായി അറിയാവുന്നവരാണ്. അതുകൊണ്ട് മറ്റുള്ളവർ ഇടപെടരുത്. അവർ സംസാരിക്കട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ കമ്പനി രജിസ്റ്റർ ചെയ്തതും ഇതിന്റെ അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്തിട്ട് ഒരു കമ്മിറ്റിയാക്കി മാറ്റിയത് ഞങ്ങളുടെ ഭരണകാലത്തല്ല. ഞാനത് തെളിയിക്കാം. ഇത് ശരിയല്ലെങ്കിൽ ഞാൻ രാജി വയ്ക്കാൻ തയ്യാറാണ്. ........(ബഹളം)......... നിങ്ങളാണത് ചെയ്തത്. ........(ബഹളം).........

മി. സ്പീക്കർ: ഇവിടെ ശ്രീ. എ. കെ. ബാലൻ കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണമാണ് ആവശ്യമെങ്കിൽ അത് കേൾക്കാൻ തയ്യാറാകണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞങ്ങളുടെ ഭരണകാലത്താണ് സ്വകാര്യവത്ക്കരണം നടന്നതെന്നു പറയുന്നത് ശരിയല്ല. ഒരുകാര്യം ഞാൻ

സമ്മതിക്കുന്നു. അവർക്കും നിവൃത്തിയില്ലാതെയാണ് ചെയ്തത്. അത് സമ്മതിക്കാൻ എനിക്ക് പ്രയാസമില്ല. ........(ബഹളം)..... ഞാൻ ഇക്കാര്യം ഈ സഭയിൽ പല ഘട്ടങ്ങളിൽ പറഞ്ഞതുമാണ്. അവരും കുറേക്കാലം ചെയ്യാതിരിക്കാൻ ശ്രമിച്ചുവെങ്കിലും അവർക്കത് ചെയ്യേണ്ടതായി വന്നു. ബംഗാളിൽ ശ്രീ. ജ്യോതി ബസുവിന്റെ ഭരണകാലത്ത് ചെയ്തതിനുശേഷമാണ് ഇവരിത് ചെയ്തത്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം, 2003-ലെ ആക്ട് അനുസരിച്ച് അങ്ങനെ ചെയ്തേ മതിയാവൂ. ആ വസ്തുത മനസ്സിലാക്കണ്ടേ? യു.ഡി.എഫ്. സ്വകാര്യവത്ക്കരണത്തിനു ശ്രമിച്ചുവെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞുവെന്നുമാത്രം. ഇതിന്റെ സ്റ്റേറ്റ്മെന്റ് ഈ സഭയിലുണ്ട്. നിങ്ങൾക്ക് ചെയ്യേണ്ടതായി വന്നുവെന്നത് ഞാൻ സമ്മതിക്കുന്നു. ഞാൻ സാധാരണ provocation ഉണ്ടാക്കുന്ന ആളല്ല. ഞങ്ങൾ വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നുവെന്ന് പറഞ്ഞു. വാങ്ങാതിരിക്കാൻ സാധിക്കുകയില്ല. ആകെ 1700 മെഗാ വാട്ട് വൈദ്യുതിയാണ് ഞങ്ങൾക്കുള്ളത്. നിവർത്തിയില്ലാത്തപ്പോഴാണ് പതിനാലും പതിനഞ്ചും രൂപയ്ക്ക് കായംകുളത്തുനിന്നും വാങ്ങുന്നത്. കേന്ദ്ര ഗവൺമെന്റ് 1200, 1300 മെഗാ വാട്ട് വൈദ്യുതി നൽകുന്നുണ്ട്. ഒരു 700, 800 മെഗാവാട്ടിന്റെ ഷോർട്ടേജ് ഉണ്ട്. ഞങ്ങൾ ടെണ്ടർ ചെയ്യാതെ ഒരാളോടും വാങ്ങിയിട്ടില്ല. ഓപ്പൺ ടെണ്ടറിൽ കൂടിയും പബ്ലിക് സെക്ടറിൽ നിന്നും

എത്രത്തോളം കിട്ടുമോ അതും വാങ്ങിയിട്ടുണ്ട്. അതല്ലാതെ വാങ്ങിയിട്ടില്ല. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ വിമർശനത്തെക്കുറിച്ച് പറഞ്ഞു. ശരിയാണ്. ഷോർട്ട് ടേം ടെണ്ടറിനുപകരം ലോംഗ് ടേം ടെണ്ടർ വിളിക്കണമെന്ന് അവർ പറഞ്ഞു. അത് ശരിയാണ്. ലോംഗ് ടേം ടെണ്ടറിന്റെ ചില വ്യവസ്ഥകൾ പിന്നീടാണ് കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയത്. ആ വ്യവസ്ഥകൾ പ്രകാരം ആദ്യമായി ലോംഗ് ടേം എഗ്രിമെന്റ് ഉണ്ടാക്കിയത് ഞങ്ങളാണ്. ഇപ്പോൾ 25 കൊല്ലകാലത്തേയ്ക്കുവരെയുള്ള എഗ്രിമെന്റ് ഞങ്ങൾ ഉണ്ടാക്കി. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ റേറ്റ് നമ്മുടേതാണ്. **4.31** ആണ് ഞങ്ങളുടെ റേറ്റ്. സെൻട്രൽ ഗവൺമെന്റിന്റെ ഡയറക്ഷൻ അനുസരിച്ച് ഞങ്ങൾ എടുത്ത നിബന്ധനകളും കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് തന്നെ പുകഴ്ത്തിയിട്ടുണ്ടെന്നതാണ് വസ്തുത. ഇവിടെ നമുക്ക് വലിയ പ്രോജക്ടുകളൊന്നും തുടങ്ങാൻ കഴിയില്ല. ഞങ്ങളുടെ 10-30 പ്രോജക്ടുകൾ കെട്ടികിടക്കുന്നുവെന്നു പറഞ്ഞു. അതെല്ലാം ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലന് അറിയാമെന്നാണ് എന്റെ വിശ്വാസം. ഭൂമി ഏറ്റെടുക്കാൻ വേണ്ടി ഇപ്പോഴും നെഗോസിയേഷൻ നടക്കുകയാണ്. അതുപോലെ കുറെ സ്ഥലങ്ങളും 60 മെഗാ വാട്ടിന്റെ പള്ളിവാസൽ പദ്ധതിയും കിടക്കുന്നു. ഇതൊക്കെയാണ് കെട്ടികിടക്കുന്നതെന്ന് ശ്രീ. എ. കെ. ബാലൻ പറയുന്നത്.

അതിന്റെ കാരണം ബഹുമാനപ്പെട്ട എ.കെ. ബാലന് അറിയുമെന്നാണ് എന്റെ വിശ്വാസം. അതിന്റെ പ്രശ്നമെന്താണ്? അതിന്റെ പ്രശ്നം ഒരു ഭാഗം ഒന്നിച്ച് ഇടിഞ്ഞു. വർക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യമാണ്. സെൻട്രൽ ടീമിനെയും ശ്രീ. ഇ. കെ. ശ്രീധരനെയും എക്സ്പേർട്ട്സിനേയും കൊണ്ടുവന്നു നോക്കി. ഇപ്പോൾ ആ കോൺട്രാക്ടർ സാമ്പത്തികമായി തകർച്ചയിലാണ്. 15 ദിവസം മുൻപ് എല്ലാ ഉദ്യോഗസ്ഥന്മാരെയും കോൺട്രാക്ടർമാരെയും വിളിച്ച് ഒരു കോൺഫറൻസ് കൂടി. ഞങ്ങൾ ഇത് കാൻസൽ ചെയ്യുമെന്നും നിങ്ങൾക്ക് ഇത് ചെയ്യാനുള്ള സാമ്പത്തിക കഴിവില്ലായെന്നും ഞങ്ങൾ അവരോട് തുറന്നു പറഞ്ഞു. രണ്ടുമൂന്നു കമ്പനികൾ അങ്ങനെയാണ് കിടക്കുന്നത്. അതുകൊണ്ടാണ് ആ പ്രോജക്ടുകൾ കെട്ടിക്കിടക്കുന്നത്. 25 മെഗാ വാട്ടിന് താഴെയാണെങ്കിൽ കേരളത്തിന് ഫോറസ്റ്റ് എൻവയോൺമെന്റ് ക്ലിയറൻസിന്റെ ആവശ്യം ഇല്ല. പക്ഷേ അതിൽ ഒരു മരം മുറിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വേണം. ബാക്കി പലതും ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനുവേണ്ടി കിടക്കുകയാണ്. ഞങ്ങൾ തന്നെ ഡി.പി.ആർ. ഉണ്ടാക്കിയതും ടെണ്ടർ ചെയ്തതുമായ കുറെ കാര്യങ്ങളുമുണ്ട്. അതും ചെയ്യാൻ കഴിയാതെ ഇരിക്കുകയാണ്. 199 മെഗാവാട്ടിന്റെ ചെറുകിട ജലസേചന പദ്ധതികൾ ഇപ്പോൾ ongoing ആണ്. അതിൽ കുറെ നിങ്ങളുടെ

കാലത്തും കുറെ ഞങ്ങളുടെ കാലത്തും ഉണ്ടാക്കിയതാണ്. ഞങ്ങളുടെ കാലത്ത് ഉണ്ടാക്കിയ കുറ്റ്യാടി പോലുള്ള പദ്ധതികളൊക്കെ നിങ്ങളാണ് ഉദ്ഘാടനം ചെയ്തത്. ഞാൻ കുറ്റപ്പെടുത്തുകയല്ല. ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് ക്ലിയറൻസ് കിട്ടാത്തതിന്റെ പ്രയാസം നിങ്ങൾക്കും ഞങ്ങൾക്കും ഉണ്ടായി. ഇതൊക്കെയാണ് കെട്ടികിടക്കാനുണ്ടായ കാരണങ്ങൾ. അതാണ് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. താരിഫ് വർദ്ധനവ് സംബന്ധിച്ചാണെങ്കിൽ 2012-13-ലെ സി ആന്റ് എ.ജി. യുടെ ആഡിറ്റ് റിപ്പോർട്ടനുസരിച്ച് നമ്മുടെ നഷ്ടത്തിന്റെ സ്ഥിതി എത്രയാണെന്ന് നിങ്ങൾക്ക് അറിയാമോ? നമ്മുടെ ടോട്ടൽ റവന്യൂവിന്റെ 102 ശതമാനമാണ് വെളിയിൽ നിന്നും പവർ പർച്ചേസ് ചെയ്യാൻ ചെലവഴിച്ചത്. കടമില്ലാതാക്കാൻ ലോഡ് ഷെഡിംഗ് നടത്തിയാൽ മതിയെന്ന് ഞങ്ങൾക്കറിയാം. ഈ ഭാരിച്ച പണം കൊടുത്ത് വാങ്ങേണ്ട കാര്യവുമില്ല. ജനങ്ങളോട് ബാദ്ധ്യതയുള്ളതുകൊണ്ടാണ് ഞങ്ങൾ ലോഡ് ഷെഡിംഗ് ഏർപ്പെടുത്താതെ വലിയ വിലയ്ക്ക് പവർ വാങ്ങി വിതരണം ചെയ്യുന്നത്. ശ്രീ. എ. കെ. ബാലൻ, ഞാൻ കുറ്റപ്പെടുത്തുകയല്ല. അങ്ങയുടെ കാലത്തെ 2008-2009-ൽ ഒരു കൊല്ലം എത്ര ദിവസം ഇവിടെ ലോഡ് ഷെഡിംഗ് ഉണ്ടായി? അത്രയും ദിവസമൊന്നും ഞങ്ങൾ ചെയ്തിട്ടില്ല. ഒരു വർഷത്തിലും ചെയ്തിട്ടില്ല. ഇക്കൊല്ലം ലോഡ് ഷെഡിംഗ്

ഇല്ലാതിരിക്കാൻ കാരണം ഞങ്ങൾ നേരത്തെ ടെണ്ടർ ചെയ്ത് കുറെ പവർ വാങ്ങാൻ തീരുമാനിച്ചു. ഇവിടെ ഇതുകഴിഞ്ഞാൽ താരിഫ് വർദ്ധിപ്പിക്കുമെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. ശ്രീ. എ. കെ. ബാലൻ, ഇനി ശ്രീ. ആര്യാടൻ മുഹമ്മദ് താരിഫ് വർദ്ധിപ്പിക്കുകയില്ല യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട. പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞാൽ ഉടനെ ഇവിടെ താരിഫ് വർദ്ധിപ്പിക്കും ചാർജ് കൂട്ടുമെന്ന് പറഞ്ഞു. ഉറപ്പിച്ചു ഞാൻ പറയുന്നു, വർദ്ധിപ്പിക്കില്ല അല്ലാതെ തന്നെ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിക്കും നമ്മുടെ മന്ത്രിമാർക്കും താരിഫ് ഇനി വർദ്ധിപ്പിക്കരുത് എന്ന കാര്യത്തിൽ നിങ്ങളെക്കാൾ നിർബന്ധമാണ്. അതിനുള്ള ആപ്ലിക്കേഷൻ ഉണ്ട്. ശരിയാണ്. എ.ഐ.ആർ. വരവ് ചെലവ് കണക്ക് നവംബർ മാസം 30-ാം തീയതിക്കു മുൻപ് റെഗുലേറ്ററി കമ്മീഷനു മുൻപിൽ ഫയൽ ചെയ്യണം. അത് സെൻട്രൽ ആക്ടിലുള്ളതാണ്. നവംബർ മാസത്തിന് മുൻപായി ഫയൽ ചെയ്തിട്ടില്ലെങ്കിൽ ഒരു കാര്യമുണ്ട്. ആ റെഗുലേറ്ററി കമ്മീഷന് എ.ഐ.ആർ-ൽ വരുവുചെലവു കണക്ക് നമ്മൾ കൊടുക്കും. ആ കണക്കിൽ കമ്മി ഉണ്ടെങ്കിൽ ആ കമ്മി എങ്ങനെ നികത്തുമെന്ന് പറയാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. അത് നിങ്ങളുടെ കാലത്തും ഉണ്ടായി നിങ്ങളും എ. ഐ.ആർ. നൽകിയിട്ടുണ്ട്. അതിനുള്ള പ്രതിവിധികൾ നിങ്ങളും നിർദ്ദേശിച്ചിരുന്നു.

ആ നിർദ്ദേശം തന്നെയാണ് ഞങ്ങളും ചെയ്തത്. പക്ഷേ ഒരു കാര്യം, ഞങ്ങൾ ചെയ്യുന്നതും നിങ്ങൾ ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. വരുമാനത്തിന്റെ 102 ശതമാനം പവർ പർച്ചേസ് ചെയ്യാൻവേണ്ടി വിനിയോഗിക്കുകയാണ്. അതിനുപുറമേ ഞങ്ങൾ ശമ്പളവും പെൻഷനും കൊടുക്കണം. ഒരു ദിവസം പോലും പെൻഷൻ തെറ്റിക്കുന്നില്ല.

ശ്രീ. സി. ദിവാകരൻ: ഈ ഗവൺമെന്റ് മാറുന്നതുവരെ താരിഫ് വർദ്ധിപ്പിക്കില്ലായെന്ന് അങ്ങ് പറഞ്ഞു. അത് വളരെ ശരിയാണ്. എന്റെ ബില്ലിൽ താരിഫില്ല. പക്ഷേ സർ ചാർജായും സെക്യൂരിറ്റിയായും വലിയ തുക വരുന്നുണ്ട്. അതിനു കാരണം എന്താണ്?

ശ്രീ. ആര്യാടൻ മുഹമ്മദ്: I am coming to that point. ഇത് ഇവിടെ ആദ്യമായി ഏർപ്പെടുത്തിയത് ഞാനല്ല. ആരാണെന്ന് ഞാൻ പറയുന്നുമില്ല. ഞാൻ പ്രവോക്കേറ്റ് ചെയ്യാനില്ല. ആവശ്യത്തിൽ കൂടുതൽ പവർ വാങ്ങിയാൽ ആ പവറിന്റെ വില കോമ്പൻസേറ്റ് ചെയ്യാൻ തെർമൽ സർചാർജ് എന്നു പറഞ്ഞുകൊണ്ട്... ഇത് എന്റെ കാലത്തുമാത്രമല്ല നിങ്ങളുടെ കാലത്തുമുണ്ടെന്ന് എന്തിനാ എന്നെക്കൊണ്ട് പറയിപ്പിക്കുന്നത്? എന്നാൽ ഞങ്ങൾ ഇപ്പോൾ തെർമൽ സർചാർജും വർദ്ധിപ്പിക്കാൻ പോകുന്നില്ല. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം വർദ്ധിപ്പിച്ചു. എന്നാൽ

ഇപ്പോൾ വർദ്ധിപ്പിക്കാൻ പോകുന്നില്ല. താരിഫ് ആണെങ്കിലും തെർമൽ സർചാർജ് ആണെങ്കിലും അതിന്റെ വരവു ചെലവ് കണക്കുകൾ സംബന്ധിച്ച ആ വിവരം ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെ അറിയിക്കും. അതിൽ കമ്മി വന്നാൽ അതെങ്ങനെ നികത്തുമെന്നു പറയാൻ ഞങ്ങൾ ബാധ്യസ്ഥരാണ്. അത് നികത്തുന്ന കൂട്ടത്തിൽ ഞങ്ങൾ ഇതു പറയും, എന്നാൽ ഞങ്ങൾ നടപ്പാക്കാൻ പോകുന്നില്ല. കാരണം ഇതു നിങ്ങളും ചെയ്തിട്ടുണ്ട്, ഞങ്ങളും ചെയ്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടുണ്ട്. നിങ്ങളും നടപ്പാക്കിയിട്ടില്ല. ഞങ്ങളും നടപ്പാക്കില്ല. ആ പ്രശ്നം തീർന്നില്ലേ, എന്നു മാത്രമല്ല ഒരു കാര്യംകൂടി ഞാൻ പറയുന്നു. ഇത് സാധാരണക്കാരനെ ബാധിക്കില്ല. ശ്രീ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ചിലപ്പോൾ ശരിയായിരിക്കും. മീറ്റർ തകരാറായാലും തുക കൂടുകയും കുറയുകയും ചെയ്യാം. ശ്രീ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ച വട്ടിയൂർക്കാവിലെ ആ ബില്ല് തന്നാൽ ഞാൻ പ്രത്യേകം പരിശോധിക്കാം. പക്ഷേ അത് ആർക്കാണ് വർദ്ധിച്ചതെന്നറിയുമോ? മാസം 7000 രൂപ അടയ്ക്കുന്നവനാണ് വർദ്ധിച്ചത്. ബാലന്റെ ബില്ല് തന്നെ അതാണ്. ബാലൻ പ്രസംഗിച്ചതും അതാണ്. 7000 രൂപ വച്ച് മാസംതോറും അടയ്ക്കുന്നവർക്കാണ് തുക വർദ്ധിച്ചത്. അത് വർദ്ധിക്കും. അതു തന്നെയാണ് ഞങ്ങളുടെ നയം. അതേ അവസരത്തിൽ 120 യൂണിറ്റിൽ താഴെ

വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഞങ്ങൾ ഇപ്പോഴും സബ്സിഡി കൊടുക്കുന്നു. നിങ്ങളുടെ കാലത്ത് ഒരു പൈസയെങ്കിലും സബ്സിഡി കൊടുത്തോ? ഞങ്ങൾ സബ്സിഡി കൊടുക്കുന്നു. എന്നു മാത്രമല്ല അതിനുവേണ്ടി ഓരോ വർഷവും 350 കോടിയോളം രൂപ സർക്കാർ മാറ്റി വയ്ക്കുകയാണ്. പാവപ്പെട്ടവരിൽ 80 ശതമാനവും 120 യൂണിറ്റിൽ താഴെയാണ് വൈദ്യുതി ഉപയോഗിക്കുന്നത്. അവർക്കുവേണ്ടി ഓരോ വർഷവും 350 കോടി രൂപയാണ് കേരള ഗവൺമെന്റ് അടയ്ക്കുന്നത്. അതേ അവസരത്തിൽ വൈദ്യുതി ഉപയോഗം ഉയർന്നവർക്കു കൂട്ടും. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, കേന്ദ്രം ഭേദഗതി നിയമം കൊണ്ടുവന്നല്ലോ ആ ഭേദഗതിയുടെ യഥാർത്ഥത്തിലുള്ള ഒരു ഉദ്ദേശം ക്രോസ് സബ്സിഡി ഒഴിവാക്കലാണ്. ഈ ക്രോസ് സബ്സിഡി ഒഴിവാക്കികഴിഞ്ഞാൽ വളരെയധികം താരിഫ് വർദ്ധിപ്പിക്കേണ്ടതായി വരും. ഒരു സംശയവും നിങ്ങൾക്കുവേണ്ട. അതു മാത്രമല്ല ഇതു മുഴുവൻ സ്വകാര്യ മേഖലയിലേക്കു പോകും. അതിന്റെ ഇടയ്ക്കു പറഞ്ഞു വി.എസ്.എൻ-ന് കൊടുക്കണമെന്ന്. വി.എസ്.എൻ. കൊടുക്കാതിരുന്നിട്ടില്ല. വി.എസ്.എൻ-നും, ആവശ്യമുണ്ടെങ്കിൽ ആർക്കുവേണമെങ്കിലും കൊടുക്കും. 4 ജി വന്നപ്പോൾ ചിലയാളുകൾ അതിനെ എതിർത്തു. 4 ജി നമ്മുടെ നാട്ടിൽ ആവശ്യമില്ലേ. അതു വന്നപ്പോൾ എല്ലാത്തിനേക്കാളും കൂടുതൽ തുക അതിനു കിട്ടും,

അത് ശരിയാണ്. അത് 311 രൂപ ഞങ്ങൾ നേരത്തേ തീരുമാനിച്ചതാണ്. അതേ അവസരത്തിൽ ചെറിയ ഓപ്പറേറ്റേഴ്സിനും മറ്റും രൂപ കുറച്ചു. അത് ശരിയാണ്. 250 രൂപ ആക്കിയ സ്ഥാനത്ത് വി.എസ്.എൻ-ന് 311 രൂപ ആക്കി കൊടുത്തു. ഇനി അവർക്ക് അഞ്ചുകൊല്ലം വേണം. അഞ്ചു വർഷത്തേക്കുള്ള തുകയും കൊടുത്തു. ഈ റേറ്റിൽ ആരു വന്നാലും കൊടുക്കാൻ തയ്യാറാണ്. ഇനിയുള്ള പന്തീരായിരം പോസ്റ്റും അവർക്ക് കൊടുത്തു. അവർ ഇപ്പോൾ എണ്ണായിരം പോസ്റ്റ് കൂടി വേണമെന്നു പറഞ്ഞു. കൊടുക്കും. നമുക്കെന്താ നഷ്ടം. വേറെ ആരു വന്നാലും അവർക്കും കൊടുക്കും.

ശ്രീ. ജി. സുധാകരൻ: ഓഡർ എന്നാണ് ഇറക്കിയത്? എന്താണ് ആ സബ്സിഡി?

ശ്രീ. ആര്യാടൻ മുഹമ്മദ് സർ, സബ്സിഡി എന്നു പറഞ്ഞാൽ 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് അന്നത്തെ വർദ്ധനവ് ഇല്ല, നേരത്തേയുള്ള റേറ്റിൽ തന്നെ കൊടുക്കാൻ തീരുമാനിച്ചു. അത് ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നു. അതിന് ഒരു കൊല്ലം 350 കോടി രൂപയിൽ പരം വരും. ഇപ്പോൾ കുറച്ചു കൂടിയിട്ടുണ്ട്. അതിന്റെ ഫലമായി ഈ മൂന്നു വർഷംകൊണ്ട് 1200 കോടി രൂപ പാവങ്ങൾക്കുവേണ്ടി സബ്സിഡി കൊടുത്തത് ഈ ഗവൺമെന്റാണ്. അത് നിങ്ങൾ

ആലോചിക്കണം. ഞാൻ കുറ്റപ്പെടുത്തുകയല്ല. അന്നത്തെ സാമ്പത്തിക പ്രതിസന്ധിയായിരിക്കാം അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യമായിരിക്കാം. നിങ്ങൾ കൊടുത്തില്ല. എന്നുമാത്രമല്ല ഞാൻ 20 പൈസ കുറച്ചുകൊണ്ടാണ് പോയത് പക്ഷേ അതിന് സബ്സിഡി കൊടുക്കാമായിരുന്നു. നിങ്ങൾ ആ 20 പൈസ എടുത്തുകളഞ്ഞ്, വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഞാൻ ഒന്നും കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. യാഥാർത്ഥ്യം ഒന്നു ഓർമ്മപ്പെടുത്തുന്നുവെന്നു മാത്രമേയുള്ളൂ. കണക്ഷൻ കട്ട് ചെയ്യുന്നുവെന്ന് ഇവിടെ പറഞ്ഞു. ശരിയാണ് പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി 20 യൂണിറ്റുവരെ ഫ്രീയാണ്. എസ്.സി/എസ്.ടി. വിഭാഗക്കാർക്കും പണമടയ്ക്കേണ്ടതില്ല. ശ്രീ. ഉമ്മൻചാണ്ടി കഴിഞ്ഞ തവണ മുഖ്യമന്ത്രിയായ സമയത്താണ് ഇത് നടപ്പാക്കിയത്. അത് ഇന്നും തുടരുകയാണ്. നിശ്ചിത യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുമ്പോൾ കട്ട് ചെയ്യേണ്ടി വരും. നിങ്ങളുടെ കാലത്തും അതുതന്നെയാണ് ചെയ്തിരിക്കുന്നത്. ഇതിൽ കൂടുതൽ കൺസഷൻ കൊടുത്തിട്ടില്ല. എന്നാൽ വാസ്തവത്തിൽ ഒരു കാര്യം കൂടി ശ്രീ. ബാലനെ അറിയിക്കുകയാണ്. എസ്.സി/എസ്.ടി. വിഭാഗക്കാരുടെ കാര്യത്തിലും ചില വിട്ടുവീഴ്ചകൾ ചെയ്യണം. അവർക്ക് രണ്ട് എൽ.ഇ.ഡി. ബൾബുകൾ കൊടുക്കാൻ തീരുമാനിച്ചു. അത് കൊടുത്തുകഴിഞ്ഞാൽ അവരുടെ വൈദ്യുതി ഉപഭോഗം വളരെ

കുറയും. അതാണ് ഇതിനുള്ള പ്രതിവിധിയായി ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിന് കുറച്ച് ചെലവ് വരും. ആ ചെലവ് കെ.എസ്.ഇ.ബി. വഹിക്കുന്നതാണ്. അതിനുള്ള ആലോചനകളും പരിപാടികളും ഞങ്ങൾ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: എൽ.ഇ.ഡി. ബൾബുകൾ നൽകുമ്പോൾ പഴയ ബൾബുകൾ തിരിച്ചുവാങ്ങാൻ ഏർപ്പാടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ ചോദിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇല്ലെങ്കിൽ അത് വീണ്ടും ഉപയോഗിക്കും അത് തിരിച്ചുവാങ്ങുകയാണ് ചെയ്യുന്നത്. 60 വാട്സിന് പകരം ഇപ്പോൾ എട്ടോ ഒമ്പതോ വാട്സാണ് വരുന്നത്. ഈ ബൾബുകൾ പിന്നീട് ഉപയോഗിച്ചാൽ വേറെ ഒരുപാട് പ്രശ്നങ്ങളുണ്ടാകും.

ശ്രീ. എസ്. ശർമ്മ: ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പഴയനിരക്ക് തുടരുന്നുവെന്നുള്ളതല്ലേ?

ശ്രീ. ആര്യാടൻ മുഹമ്മദ്: 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന ആളുകൾക്ക് ഒന്നാമത്തെ താരിഫ് വർദ്ധന വന്ന സമയത്ത് അവരെ ഒഴിവാക്കിക്കൊടുത്തു. ആ ഒഴിവാക്കൽ ഇപ്പോഴും തുടരുന്നു. അത് മാത്രം 1200

ഓളം കോടി രൂപ വരുന്നുണ്ട്. എല്ലാ താരിഫ് റിവിഷനും ഒഴിവാക്കുന്നില്ല. അതുതന്നെ 1200 കോടി രൂപ വന്നു. അതിൽ കൂടുതൽ ചെയ്യാൻ സാധിക്കുമോ?

ശ്രീ. എസ്. ശർമ്മ : കെ.എസ്.ആർ.ടി.സി. ചാർജ്ജ് വർദ്ധനവ് വന്നപ്പോൾ മിനിമം ചാർജ്ജ് വർദ്ധിപ്പിച്ചില്ല. വർദ്ധനവ് ബാധകമാക്കിയില്ലെന്നതേയുള്ളൂ. അതെങ്ങനെയാണ് സബ്സിഡിയാകുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സെൻട്രൽ ആക്ടിന്റെ സെക്ഷൻ 65 അനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ഒരു താരിഫ് നിജപ്പെടുത്തിക്കഴിഞ്ഞാൽ അത് മാറ്റാൻ സെൻട്രൽ ഗവൺമെന്റിനും സ്റ്റേറ്റ് ഗവൺമെന്റിനും അധികാരമില്ല. അതിനുള്ള പ്രതിവിധി സെക്ഷൻ 65-ൽ പറയുന്നത് ആ സംഖ്യ വേണമെങ്കിൽ സർക്കാരിന് സബ്സിഡൈസ് ചെയ്യാം. അത് കേരള ഗവൺമെന്റ് സബ്സിഡൈസ് ചെയ്തിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: 40 യൂണിറ്റുവരെ ഒരു രൂപ പതിനഞ്ച് പൈസയുണ്ടായിരുന്നത് ഇപ്പോൾ രണ്ടുരൂപ എൺപത് പൈസയായി. 41 മുതൽ 80 യൂണിറ്റുവരെ ഒരു രൂപ തൊണ്ണൂറ് പൈസയുണ്ടായിരുന്നത് ഇപ്പോൾ മൂന്ന് രൂപ ഇരുപത് പൈസയായി. 81 മുതൽ 120 യൂണിറ്റുവരെ 2 രൂപ 40 പൈസയുടെ സ്ഥാനത്ത് 4 രൂപ 20 പൈസയാണ് ഇതിൽ എന്തെങ്കിലും കുറവുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: അതാണ് ഞാൻ പറഞ്ഞത്. ഒന്നാമത്തെ വർദ്ധനവുകൊണ്ട് നല്ലൊരു തുക കിട്ടിയിട്ടുണ്ട് 1290 കോടി രൂപ. ആ 1290 കോടി രൂപയിൽ നിന്നാണ് മൂന്നുകൊല്ലമായി 1200 കോടി മുടക്കുന്നത്. ഒരു വർഷം 300-ൽ പരം കോടി രൂപ ഇതിനായി കൊടുത്തു. രണ്ടാമത്തെ വർദ്ധനവ് മൂലം 680 കോടി രൂപ കിട്ടി. മൂന്നാമത്തെ വർദ്ധനവ് 1022 കോടി രൂപകിട്ടി. ഇതെല്ലാം കൂടി കൂട്ടുമ്പോൾ 2990 കോടി രൂപയാണ്. ബഹുമാനപ്പെട്ട ബാലൻ പറയുന്നത്, 4500 കോടി രൂപയെന്നാണ്. 2990 കോടി രൂപയാണ്. ഇതിൽ 1200 ഓളം കോടി രൂപ ഗവൺമെന്റ് സബ്സിഡി കൊടുത്തതാണ്. ബോർഡിന് കിട്ടി, ഗവൺമെന്റ് കൊടുത്ത സബ്സിഡിയാണ്. അതുകഴിഞ്ഞാൽ ആയിരത്തിൽ ചില്വാനം കോടി രൂപയേ വരുന്നുള്ളൂ. അതായത് 2990 രൂപയിൽ നിന്നും 1200 കുറച്ചുകഴിഞ്ഞാൽ 1790 കോടിയേ വരൂ. അത് 4500 കോടി രൂപ വരില്ല. ജലനിധി പദ്ധതിക്ക് ഞാനാണ് ആദ്യം ഓർഡർ ഇട്ടത്. ഒരു ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്യാൻ ചെന്ന സന്ദർഭത്തിൽ കിട്ടിയ ബിൽ വലിയതായിരുന്നു. അത് 10-40 വീട്ടുകാർ കൂടിയിട്ടാണ് ഈ പദ്ധതി നടത്തുന്നത്. കുടിവെള്ള പദ്ധതിക്കുവേണ്ടി ഞാൻ അന്ന് അവിടെ വച്ചുതന്നെ തീരുമാനിക്കുകയും ഇവിടെ വന്ന് ബോർഡ് ഓർഡർ ഇറക്കുകയും ചെയ്തു. അന്നത്തെ ബി.പി.എൽ. കുടുംബങ്ങൾക്കുള്ള താരിഫ് റേറ്റാക്കി

കുറച്ചുകൊണ്ട് ആദ്യത്തെ ഉത്തരവിറക്കി. കുടിവെള്ള പദ്ധതിക്ക് താങ്കൾ അതിനുശേഷം വേറെ ചില ഉത്തരവുകൾ ഇട്ടിട്ടുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ അത് ഞങ്ങളാണ് ചെയ്തത് എന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തുന്നു. കോൾ ബെയ്സ്ഡ് പ്ലാന്റിനെക്കുറിച്ച് പറഞ്ഞു. വളരെ ശരിയാണ്. ഞാൻ രാഷ്ട്രീയവൽക്കരിക്കുന്നില്ല ശ്രീ. എ. കെ. ബാലൻ. അങ്ങ് ഇതിന് അനുകൂലമാണെന്ന് എനിക്കറിയാം. ആരാണ് ഇതിന് എതിര് എന്ന് എനിക്കുമറിയാം, അങ്ങേയ്ക്കുമറിയാം. ഞാൻ അത് പറയുന്നില്ല. അത്രയും മാത്രമേ ഞാൻ പറയുന്നുള്ളൂ. ആ പ്രോജക്ട് നമുക്ക് അത്യാവശ്യമാണ്. അത് വന്നാൽ മൂന്നര രൂപയ്ക്ക് വൈദ്യുതി കിട്ടും. ബഹുമാനപ്പെട്ട എ.കെ. ബാലൻ വൈതരണി പ്രോജക്ടിനെക്കുറിച്ച് ഇവിടെ പറഞ്ഞു. വൈതരണി പ്രോജക്ട് നാലുവർഷം നിങ്ങളായിരുന്നു. അതുകഴിഞ്ഞ് ഒരു വർഷമാണ് ഞങ്ങൾ വന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, 25 മിനിട്ടായി.....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ നിർത്തുകയാണ്. അടിയന്തരപ്രമേയം അല്ലേ; അത് നിങ്ങളുടെ കുഴപ്പം കൊണ്ടുമല്ല, ഞങ്ങളുടെ കുഴപ്പം കൊണ്ടുമല്ല. കാരണം അവിടെ 4(1) നോട്ടിഫിക്കേഷൻ....... ബഹുമാനപ്പെട്ട എ. കെ. ബാലൻ തന്നെ സമ്മതിച്ചു. ഒറീസ്സാ ഗവൺമെന്റ് തയ്യാറായില്ല. ഒറീസാ ഗവൺമെന്റ്

സമ്മതിച്ചിട്ടുമില്ല. എന്നുമാത്രമല്ല, ഒറീസ്സാ ഗവൺമെന്റ് അന്നത്തെ പ്രധാനമന്ത്രിക്ക് അയച്ച കത്തിന്റെ കോപ്പി ഞാൻ കണ്ടിട്ടുണ്ട്. ആ കത്തിൽ പറയുന്നത് എന്താണെന്നറിയാമോ; 'കേരളം ഇന്ത്യോനേഷ്യയ്ക്കടുത്താണ്. അവർക്ക് അവിടെ നിന്നും ഇറക്കുമതി ചെയ്യാം. ഇതെല്ലാം ഞങ്ങൾക്ക് തരണം എന്നാണ്.' ഗുജറാത്തും കേരളത്തിനും ഒറീസയ്ക്കും വേണ്ടിയാണ് അന്ന് ആ എഗ്രിമെന്റുണ്ടാക്കിയത്. അവർക്കും ലഭിച്ചില്ല. ഗുജറാത്തിലെ അന്നത്തെ മുഖ്യമന്ത്രിയാണ് ഇന്ത്യയുടെ ഇന്നത്തെ പ്രധാനമന്ത്രി. ഞങ്ങൾ ഇപ്പോഴും ശ്രമിക്കുകയാണ്. കിട്ടിയാൽ ഇവിടെ കൊണ്ടുവന്ന് പ്ലാന്റുണ്ടാക്കും. ആ പ്രശ്നത്തിന് പരിഹാരം വേണ്ടേ; ഞങ്ങൾ അതിന് ആൾപാർട്ടി യോഗം കൂടാൻ തയ്യാറാണ്. ആൾപാർട്ടി യോഗം കൂടി ഒരു തീരുമാനം എടുക്കാൻ ഞങ്ങൾ തയ്യാറാണ്. ഇനി അവിടെ നിന്നും ലഭിച്ചില്ലെങ്കിൽ ചീമേനിയിൽ കോൾ പ്ലാന്റുണ്ടാക്കാൻ ആൾപാർട്ടി മീറ്റിംഗ് കൂടി സമ്മതിക്കുകയാണെങ്കിൽ ഇന്തോനേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്താലും നാലു രൂപയിൽ കൂടുതൽ വരില്ല എന്നത് സത്യമാണ്. ഒരു കോൾ പ്രോജക്ട് ഇല്ലാതെ കേരളത്തിന്റെ ഇലക്ട്രിസിറ്റി പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. അവിടെ നിന്നും ഉന്നയിച്ച കുറേക്കാര്യങ്ങളെക്കുറിച്ച് ഏകദേശം ഞാൻ പറഞ്ഞു കഴിഞ്ഞു. ഇതൊക്കെ എന്നെക്കാൾ കൂടുതൽ അറിയാവുന്ന ഒരാളാണ് ശ്രീ. എ.കെ. ബാലൻ. അതിൽ

മാത്രമേ എനിക്ക് പ്രയാസമുള്ളൂ. ശ്രീ. എ.കെ. ബാലന്റെ പല നിർദ്ദേശങ്ങളും ഞാൻ സ്വീകരിക്കുന്നു. പക്ഷേ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ സംസാരം കേട്ടാൽ യാതൊരു കുഴപ്പവുമില്ല എന്നത് സ്ഥാപിക്കാൻ അദ്ദേഹത്തിനുള്ള കഴിവ് അപാരം തന്നെയാണ്. പക്ഷേ വസ്തുത നേരെ മറിച്ചാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു അറിയിപ്പ് വന്നിരുന്നു. അതുപ്രകാരം ഉപഭോക്താക്കളിൽ നിന്ന് ഉയർന്നനിരക്കിൽ ഫ്യൂവൽ സർചാർജ്ജ് ഈടാക്കാൻ പോകുന്നുവെന്ന് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചു കഴിഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ, ഞാൻ പറഞ്ഞത് നവംബർ മാസത്തിനുമുമ്പ് നമ്മുടെ വരവ്-ചെലവ് കണക്ക് കൊടുക്കണം. അതിൽ കമ്മി വന്നാൽ കമ്മി എങ്ങനെ നികത്തുമെന്ന് പറയണം. അത് പറയാതിരിക്കാൻ പറ്റില്ല. അല്ലെങ്കിൽ അവർക്ക് suo-motto ആയി ഇത് എടുക്കാനും തീരുമാനിക്കാനും അധികാരമുണ്ട്. അത് അപ്പലേറ്റ് ട്രിബ്യൂണലിന്റെ വിധിയാണ്. അതുവച്ച് ഇത്

കൊടുക്കുന്നുവെന്നേയുള്ളൂ. ഞാൻ ധൈര്യമായി പറയുന്നു ഇത് വന്നാലും ഒരിക്കലും ഇവിടത്തെ ഉപഭോക്താക്കളെ ബാധിക്കില്ല. അതിന് ഗവൺമെന്റ് സമ്മതിക്കില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സർചാർജ് ഒഴിവാക്കാൻ അങ്ങനെ വന്നാൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി കൊടുക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, സബ്സിഡി കൊടുക്കേണ്ടി വന്നാൽ അതാലോചിക്കും. വർദ്ധിപ്പിക്കാതിരിക്കാൻ വല്ലതും ചെയ്യാൻ കഴിയുമെങ്കിൽ അതും ചെയ്യും. ഒരു കാര്യം ബഹുമാനപ്പെട്ട സഭയ്ക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പെറ്റീഷൻ റെഗുലേറ്ററി കമ്മീഷന് കൊടുത്ത് ഇപ്പോഴത്തെ പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഒരു വർദ്ധനവും ഉണ്ടാകില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ സർചാർജ് വർദ്ധിപ്പിക്കില്ല, ചാർജ് വർദ്ധപ്പിക്കില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്ക് ഉറപ്പ് നൽകുമെങ്കിൽ ഞങ്ങൾ അത് അംഗീകരിക്കും.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, അങ്ങേയ്ക്ക് എന്നോടുള്ള വിശ്വാസത്തെക്കാൾ കൂടുതൽ എനിക്ക് അങ്ങയോട് വിശ്വാസമാണ്. അതുകൊണ്ട് ഞാൻ ഉറപ്പിച്ചു പറയുകയാണ് ഒരു നിലയ്ക്കും കൺസ്യൂമേഴ്സിനെ ബാധിക്കുന്ന രൂപത്തിലുള്ള ഒരു

**കാര്യവും ഞങ്ങൾ ചെയ്യില്ല.**